**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4338** | **13.12.2018 -ൽ മറുപടിയ്ക്ക്**

കാലടിയിലെ ടൂറിസം പദ്ധതികൾ

ചോദ്യം
ശ്രീ.റോജി എം. ജോൺ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അങ്കമാലി നിയോജക മണ്ഡലത്തിൽ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായോ അല്ലാതെയോ അന്തർദേശീയ തീർത്ഥാടന കേന്ദ്രമായ കാലടിയിൽ ഏതെങ്കിലും പദ്ധതിക്കായി ഈ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ) | ഉണ്ട്. കാലടി മലയാറ്റൂർ അതിരപ്പള്ളി ടൂറിസം സർക്യൂട്ട് പദ്ധതി സംബന്ധിച്ച് പഠനം നടത്തുവാൻ ടൂറിസം വകുപ്പിൽ നിന്ന് ജിറ്റ് പാക്ക് എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. ആ മാസ്റ്റർ പ്ലാനിൽ പ്പെട്ടിരുന്ന" Development of Tourism Fecilitation Centre at Kurishumudi , Malayattor" എന്ന പദ്ധിതിക്ക് 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതി കേരള അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ് മുഖേന നടപ്പിലാക്കി വരുന്നു. |
| ബി) | പ്രളയത്താൽ നശിച്ച കാലടിയിൽ തീർത്ഥാടകർക്കായുള്ള സൗകര്യങ്ങളും പെരിയാറിന്റെ തീരത്തെ ബലിക്കടവും കാലടി മുതലക്കടവും സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ വിശദാംശം ലഭ്യമാക്കാമോ? | ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട പദ്ധതി രൂപരേഖ ഒന്നും തന്നെ ലഭിച്ചിട്ടില്ല. പദ്ധതി രൂപരേഖ ലഭിക്കുന്ന മുറയ്ക്ക് സ്ഥലലഭ്യത , ടൂറിസം സാധ്യത മുതലായവ അനുയോജ്യമായാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. . |

സെക്ഷൻ ഓഫീസർ